"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - അച്ചടി വകുപ്പിൽ നിന്ന് വിവിധ കാലയളവിൽ വിരമിച്ച ജീവനക്കാർക്ക് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA (EKM)1525/2022 നമ്പർ ഹർജിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഓവർടൈം അലവൻസ് കുടിശ്ശിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.19/2023/SPD തീയതി,തിരുവനന്തപുരം, 23-02-2023

---

പരാമർശം:-

1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1525/2022 നമ്പർ ഹർജിയിൻമേലുള്ള 17/10/2022-ലെ ഉത്തരവ്.
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 31/01/2023-ലെ PTGD/2346/2022-G2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അച്ചടി വകുപ്പിൽ നിന്നും വിവിധ കാലയളവിൽ വിരമിച്ച ജീവനക്കാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA 1525/2022 നമ്പർ ഹർജി ഫയൽ ചെയ്യുകയും ട്രിബ്യൂണലിന്റെ പരാമർശം (1)-ലെ വിധിന്യായ പ്രകാരം, ടി ഹർജിയിലെ ജീവനക്കാരുടെ അപേക്ഷ പരിഗണിച്ച് ഒന്നാം എതിർ കക്ഷിയായ അച്ചടിയും സ്റ്റേഷനറിയും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ടി ജീവനക്കാരുടെ അധിക വേതന കുടിശ്ശിക സംബന്ധിച്ച അവകാശവാദത്തിന്മേൽ രണ്ടാം എതിർകക്ഷിയായ അച്ചടി വകുപ്പ് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടശേഷം, ടി ജീവനക്കാരുടെ അവകാശവാദം യാഥാർത്ഥ്യമാണെന്നിരിക്കെ ടി കുടിശ്ശിക അനുവദിക്കുന്നതിലേയ്ക്കായി ആവശ്യമായ തുക 2 മാസത്തിനകം രണ്ടാം എതിർകക്ഷിയായ അച്ചടി വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കണമെന്ന് ഉത്തരവായിരുന്നു.

2. പ്രസ്തുത കോടതിവിധിയുടെ അടിസ്ഥാനത്തിൽ അച്ചടി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ടി വിധിന്യായ പ്രകാരം 12 ജീവനക്കാർക്ക് ഓവർടൈം അനുവദിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തെ അച്ചടി വകുപ്പിന്റെ 2058-00-103-99-01(6) ഓവർടൈം അലവൻസ് ശീർഷകത്തിൽ മതിയായ ഫണ്ട് ഇല്ലെന്നും, 10% നിജപ്പെടുത്തുമ്പോൾ ആകെ 3,85,757/- രൂപയാണ് നൽകേണ്ടത് എന്നും വകുപ്പിന്റെ 2058-00-103-99-01(6) എന്ന ശീർഷകത്തിൽ മേൽ ജീവനക്കാർക്ക് അർഹമായ ഓവർടൈം തുക അനുവദിച്ച് നൽകണമെന്നും പരാമർശം (2) ലെ കത്ത് പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 1525/2022 നമ്പർ ഹർജിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, അച്ചടി വകുപ്പിൽ നിന്നും വിവിധ കാലയളവിൽ വിരമിച്ച പ്രസ്തുത ഹർജിയിലെ ജീവനക്കാർക്ക് ഓവർടൈം അലവൻസ് കുടിശ്ശികയായി അച്ചടി വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ള 3,85,757/- രൂപ

(മൂന്ന് ലക്ഷത്തി എൺപത്തി അയ്യായിരത്തി എഴുന്നൂറ്റി അൻപത്തി ഏഴ് രൂപാ മാത്രം) വകുപ്പിന്റെ 2058-00-103-99-01(6) ഓവർടൈം അലവൻസ് ശീർഷകത്തിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി വിതരണം ചെയ്യുന്നതിന് അച്ചടി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

*a) അച്ചടി വകുപ്പിലെ ജീവനക്കാർക്ക് ഓവർടൈം അലവൻസ് നൽകുന്നതു സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥ/മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്നു ഉറപ്പ് വരുത്തേണ്ടതാണ്.*

*b) ഓവർടൈമിനു നിയോഗിച്ചുകൊണ്ടുള്ള ഓഫീസ് ഉത്തരവ്/ഡ്യൂട്ടി ഷെഡ്യൂൾ എന്നിവ നടപടി ക്രമത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.*

*c) മേല്പറഞ്ഞതു പ്രകാരം അനുവദിക്കപ്പെട്ട തുക 2058-00-103-99-01-06-NC എന്ന ശീർഷകത്തിൽ അധിക ധനാനുമതി വഴി വകയിരുത്തുന്നതിനായി ശിപാർശ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ അച്ചടി വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.*

*4. പരാമർശം (1) ലെ കോടതി വിധിന്യായം മേൽപറഞ്ഞ പ്രകാരം പാലിച്ച് ഉത്തരവാകുന്നു.*

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-
അച്ചടി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ബന്ധപ്പെട്ടവർക്ക് (അച്ചടി വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Bindu V K
Date: 23.02.2023 13:33:17
സെക്ഷൻ ഓഫീസർ